## പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 378** **07.01.2014 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൻവർ സാദത്ത്<br>" ആർ. സെൽവരാജ്<br>" ലൂഡിലൂയിസ്<br>" വി.ഡി. സതീശൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് സർക്കാർ ഉത്തരവ് GO(P)No. 49/2013/PD dt. 25-11-2013 പ്രകാരം സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്തിന്റെ സൗരോർജ്ജ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണ് കേരളത്തിന്റെ സൗരോർജ്ജ നയം പ്രഖ്യാപിച്ചിട്ടുള്ളത്. സൗരോർജ്ജ നയം സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് GO(P)49/2013 dated 25/11/2013 ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) സൗരോർജ്ജത്തിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ; | (സി) സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നും 2017-ഓടെ 500MW ഉം 2030നകം 2500MW ഉം വൈദ്യുതി ഉത്പാദിപ്പിക്കാനാണ് സർക്കാർ പ്രഖ്യാപിച്ച സൗരോർജ്ജ നയം വഴി ലക്ഷ്യമിടുന്നത്. |
| (ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നു വിശദമാക്കുമോ? | (ഡി) പ്രസ്തുത നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ മേൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്